**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4176** **18-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി ഫണ്ട് വകയിരുത്തിയിട്ടുള്ള കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ എൻ.ജി.ഒ. ക്വാട്ടേഴ്സ് ഹയർസെക്കണ്ടറി സ്കൂൾ ഓഡിറ്റോറിയം പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ എൻ ജി ഒ ക്വാർട്ടേഴ്സ് ഹയർസെക്കന്ററി സ്കൂൾ കെട്ടിട നിർമാണത്തിനായി 19.05.2018 ലെ ഉത്തരവ് നം. GED008-40-PA-01 പ്രകാരം 3 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. തുടർന്ന് ടി പ്രവൃത്തി പദ്ധതി നിർവ്വഹണ ഏജൻസി ടെണ്ടർ ചെയ്യുകയും 28.02.2020 ൽ കരാറുകാരന് (M/s.കൈറ്റ് എഞ്ചിനീയേഴ്സ് ആൻറ് ഡെവലപ്പേഴ്സ്) വർക്ക് ഓർഡർ നൽകുകയും ചെയ്തിരുന്നു. അതനുസരിച്ച് കരാറിൽ ഏർപ്പെട്ട് കരാറുകാരൻ, പ്രവൃത്തി 29.08.2021-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. M/s. കിറ്റ്കോ തയ്യാറാക്കിയതും M/s.കൈറ്റ് എന്ന ഏജൻസി കൈമാറിയതുമായ രൂപരേഖ അനുസരിച്ച് പ്രവൃത്തിയുമായി മുന്നോട്ടു പോകുമ്പോൾ സ്കൂൾ അധികൃതരും, ബഹു.എം.എൽ.എയും പ്രസ്തുത പ്രവൃത്തി സ്കൂൾ അധികൃതർ തയ്യാറാക്കിയിരുന്ന മാസ്റ്റർ പ്ലാൻ അനുസരിച്ചു മാത്രമേ നടപ്പാക്കേണ്ടതുള്ളൂ എന്ന് അഭിപ്രായപ്പെട്ടു. മാസ്റ്റർ പ്ലാൻ പ്രകാരം നടപ്പിലാക്കുന്നതിനു വേണ്ട അധിക തുകയ്ക്കുള്ള അനുമതി കിഫ്ബിയിൽ നിന്നും ലഭിക്കേണ്ടതുള്ളതിനാലും പൂർത്തീകരിച്ച ഫൌണ്ടേഷൻ പ്രവൃത്തികൾ മാസ്റ്റർ പ്ലാൻ പ്രകാരം നടപ്പിലാക്കുന്നതിന് അനുയോജ്യമല്ലാതെ വന്നതിനാലും പ്രവൃത്തി തുടരാൻ കഴിഞ്ഞില്ല. ഇതിൻമേൽ തീരുമാനങ്ങൾ എടുക്കാൻ കാലതാമസം വന്നതിനാൽ കരാറുകാരന് ചെയ്ത പ്രവൃത്തികൾക്കുള്ള ബില്ല് നൽകി കരാർ ക്ലോസ് ചെയ്തു. തുടർന്ന് ബഹു. എം.എൽ.എ പങ്കെടുത്ത 22.10.2024 ലെ യോഗത്തിൽ പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് വഴി കിഫ്ബി ഫണ്ടിൽ ബാക്കിയുള്ള തുക ഉപയോഗിച്ച് ഡെപ്പോസിറ്റ് വർക്കായി നടപ്പിലാക്കാൻ തത്വത്തിൽ |

| | | | |
|---|---|---|---|
| | | | തീരുമാനമെടുത്തു. ഇപ്രകാരം ടി പ്രവൃത്തിയ്ക്ക് ആകെയുള്ള കിഫ്ബി ഫണ്ട് 3.9 കോടി രൂപയായി നിജപ്പെടുത്തുകയും ബാക്കി തുക ആവശ്യമായി വന്നാൽ അത് ബഹു.എം.എൽ.എ ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നതാണെന്നും ടി യോഗത്തിൽ തിരുമാനമെടുത്തിരുന്നു. തുടർന്ന് ടി പ്രവൃത്തിയുടെ എല്ലാ വിവരങ്ങളും പൊതുമരാമത്ത് വകുപ്പിനു പദ്ധതി നിർവ്വഹണ ഏജൻസി കൈമാറിയിട്ടുണ്ട്. |
| (ബി) | പ്രവൃത്തിയുടെ സാങ്കേതിക തടസ്സം പരിഹരിച്ച് പ്രവൃത്തി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ എൻ ജി ഒ ക്വാർട്ടേഴ്സ് ഹയർസെക്കന്ററി സ്കൂൾ കെട്ടിട നിർമാണത്തിനായി 19.05.2018 ലെ ഉത്തരവ് നം. GED008-40-PA-01 പ്രകാരം 3 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. തുടർന്ന് ടി പ്രവൃത്തി പദ്ധതി നിർവ്വഹണ ഏജൻസി ടെണ്ടർ ചെയ്യുകയും 28.02.2020 ൽ കരാറുകാരന് (M/s.കൈറ്റ് എഞ്ചിനീയേഴ്സ് ആൻറ് ഡെവലപ്പേഴ്സ്) വർക്ക് ഓർഡർ നൽകുകയും ചെയ്തിരുന്നു. അതനുസരിച്ച് കരാറിൽ ഏർപ്പെട്ട് കരാറുകാരൻ, പ്രവൃത്തി 29.08.2021-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. M/s. കിറ്റ്കോ തയ്യാറാക്കിയതും M/s.കൈറ്റ് എന്ന ഏജൻസി കൈമാറിയതുമായ രൂപരേഖ അനുസരിച്ച് പ്രവൃത്തിയുമായി മുന്നോട്ടു പോകുമ്പോൾ സ്കൂൾ അധികൃതരും, ബഹു.എം.എൽ.എയും പ്രസ്തുത പ്രവൃത്തി സ്കൂൾ അധികൃതർ തയ്യാറാക്കിയിരുന്ന മാസ്റ്റർ പ്ലാൻ അനുസരിച്ചു മാത്രമേ നടപ്പാക്കേണ്ടതുള്ളൂ എന്ന് അഭിപ്രായപ്പെട്ടു. മാസ്റ്റർ പ്ലാൻ പ്രകാരം നടപ്പിലാക്കുന്നതിനു വേണ്ട അധിക തുകയ്ക്കുള്ള അനുമതി കിഫ്ബിയിൽ നിന്നും ലഭിക്കേണ്ടതുള്ളതിനാലും പൂർത്തീകരിച്ച ഫൌണ്ടേഷൻ പ്രവൃത്തികൾ മാസ്റ്റർ പ്ലാൻ പ്രകാരം നടപ്പിലാക്കുന്നതിന് അനുയോജ്യമല്ലാതെ വന്നതിനാലും പ്രവൃത്തി തുടരാൻ കഴിഞ്ഞില്ല. ഇതിൻമേൽ തീരുമാനങ്ങൾ എടുക്കാൻ കാലതാമസം വന്നതിനാൽ കരാറുകാരന് ചെയ്ത പ്രവൃത്തികൾക്കുള്ള ബില്ല് നൽകി കരാർ ക്ലോസ് ചെയ്തു. തുടർന്ന് ബഹു. എം.എൽ.എ പങ്കെടുത്ത 22.10.2024 ലെ യോഗത്തിൽ പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് വഴി കിഫ്ബി ഫണ്ടിൽ ബാക്കിയുള്ള തുക ഉപയോഗിച്ച് ഡെപ്പോസിറ്റ് വർക്കായി നടപ്പിലാക്കാൻ തത്വത്തിൽ തീരുമാനമെടുത്തു. ഇപ്രകാരം ടി പ്രവൃത്തിയ്ക്ക് ആകെയുള്ള കിഫ്ബി ഫണ്ട് 3.9 കോടി രൂപയായി നിജപ്പെടുത്തുകയും ബാക്കി തുക ആവശ്യമായി വന്നാൽ അത് ബഹു.എം.എൽ.എ ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നതാണെന്നും ടി യോഗത്തിൽ |

| | | | |
|---|---|---|---|
| | | | തീരുമാനമെടുത്തിരുന്നു. തുടർന്ന് ടി പ്രവൃത്തിയുടെ എല്ലാ വിവരങ്ങളും പൊതുമരാമത്ത് വകുപ്പിനു പദ്ധതി നിർവ്വഹണ ഏജൻസി കൈമാറിയിട്ടുണ്ട്. |
| (സി) | സംസ്ഥാന സർക്കാർ ബജറ്റിൽ അനുവദിച്ച ഒരു കോടി രൂപ ഈ പദ്ധതിക്കുവേണ്ടി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ബഹു. കോഴിക്കോട് എം.എൽ.എ യുടെ 09.09.2024 ലെ കത്തിൽ കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ എൻ ജി ഓ ക്വാർട്ടേഴ്സ് സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കിയതായും കിഫ്ബി വകയിരുത്തിയ തുകയ്ക്ക് പുറമേ ആവശ്യമായ ഒരു കോടി രൂപ സംസ്ഥാന ബജറ്റിൽ പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ടെന്ന് അറിയിച്ചിരുന്നു. കൂടാതെ ടി പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് വഴി നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ബഹു. എം.എൽ.എ ആവശ്യപെട്ടിരുന്നു. 22.10.2024 ന് കിഫ്ബിയിൽ വെച്ച് ബഹു. എം.എൽ.എ പങ്കെടുത്ത യോഗത്തിൽ ടി സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ ബാക്കി പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് വഴി ഡെപ്പോസിറ്റ് വർക്കായി ചെയ്യുവാൻ തത്വത്തിൽ തീരുമാനിച്ചിരുന്നു. തുടർന്ന് ബജറ്റിൽ ടി സ്കൂളിന് വകയിരുത്തിയ ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി എന്നിവർക്ക് കിഫ്ബിയിൽ നിന്നും 23.11.2024 ൽ കത്ത് നൽകിയിരുന്നു. എന്നാൽ ടി വകുപ്പുകളിൽ നിന്ന് മറുപടി ലഭിച്ചിട്ടില്ല. മറുപടി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ കിഫ്ബി കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ